**പത്രക്കുറിപ്പ്**

# ബസ് സ്റ്റോപ്പിൽ യാത്രക്കാരിയുടെ ബാഗിൽ നിന്നും സ്വർണ്ണവും പണവും കവർച്ച ചെയ്ത സ്ത്രീകൾ പിടിയിൽ

## തിരുവനന്തപുരം നഗരത്തിൽ ഗതാഗത ക്രമീകരണം

തിരുവനന്തപുരം:- ബസ്സിൽ നിന്നും ഇറങ്ങവെ യാത്രക്കാരിയുടെ ബാഗിൽ നിന്നും സ്വർണ്ണവും പണവും വാച്ചും മോഷ്ടിച്ചെടുത്ത രണ്ടു സത്രീകളെ പോലീസ് പിടികൂടിയതായി ഐ.ജി.പി.-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. തമിഴ്നാട് സ്വദേശികളും സഹോദരങ്ങളുമായ രാമേശ്വരം കാക്കാത്തോപ്പ് മുരുകൻ കോവിലിനു സമീപം താമസം ഈശ്വരി (25), മുത്തുമാരി (24) എന്നിവരെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്. 26 ന് രാവിലെ ഉള്ളൂർ പോങ്ങുംമൂട് ബസ്റ്റോപ്പിൽ ആണ് മോഷണം നടന്നത്. മുണ്ടയ്ക്കൽ സ്വദേശിയായ യാത്രക്കാരി ബസിൽ നിന്നും ഇറങ്ങുന്ന സമയം അവിടെയുണ്ടായിരുന്ന പ്രതികൾ മനപൂർവ്വം തിരക്കുണ്ടാക്കി യാത്രക്കാരിയുടെ ബാഗിനുള്ളിൽ നിന്നും 17300 രൂപയും സ്വർണ്ണ ഏലസും വാച്ചുമടങ്ങിയ പഴ്സ് മോഷ്ടിച്ചെടുത്ത് കടന്നു കളയുകയായിരുന്നു. അല്പസമയത്തിനകം തന്നെ പഴ്സ്



മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്ത
ഈശ്വരി (25), മുത്തുമാരി (24)

നഷ്ടപ്പെട്ടതറിഞ്ഞ യാത്രക്കാരി അറിയിച്ചതനുസരിച്ച് ഉടൻ സംഭവസ്ഥലത്തെത്തിയ മെഡിക്കൽ കോളേജ് പോലീസ് സമീപത്ത് നടത്തിയ തിരച്ചിലിൽ സംശയാസ്പദമായ നിലയിൽ കണ്ട തമിഴ് സ്ത്രീകളെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. മോഷണ മുതലുകൾ ഇവരിൽ നിന്നും കണ്ടെടുക്കുകയും ചെയ്തു. ചോദ്യം ചെയ്തതിൽ ഇതേ ബസ് സ്റ്റോപ്പിൽ വച്ച് കഴിഞ്ഞ പതിമൂന്നാം തീയതിയും ഇത്തരത്തിൽ മറ്റൊരു മോഷണം നടത്തിയതായും പ്രതികൾ സമ്മതിച്ചിട്ടുണ്ട്. സിറ്റിയിലെ മറ്റു സ്റ്റേഷൻ പരിധികളിൽ പ്രതികൾ സമാനമായ മോഷണങ്ങൾ നടത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തുമെന്ന് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ. ദിവ്യ വി ഗോപിനാഥ് അറിയിച്ചു. മെഡിക്കൽ കോളേജ് എസ്.എച്ച്.ഒ ഹരിലാൽ, എസ്. ഐ മാരായ പ്രശാന്ത്, പ്രിയ, മെർവിൻ ഡിക്രൂസ്, എസ്.സി.പി.ഒ രഞ്ജിത് , സി.പി.ഒ മാരായ പ്രതാപൻ, അനിൽകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## തിരുവനന്തപുരം നഗരത്തിൽ ഗതാഗത ക്രമീകരണം

തിരുവനന്തപുരം നഗരത്തിലെ വെള്ളയമ്പലം-വഴുതക്കാട് റോഡിൽ ആൽത്തറ ദേവി ക്ഷേത്രം മുതൽ ഉദാരശിരോമണി റോഡുവരെയുള്ള ഭാഗത്ത് സ്വിവറേജ് പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഈ റോഡുകളിലൂടെയുള്ള ഗതാഗതം പുനർക്രമീകരിച്ചതായി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം & ട്രാഫിക്) ഡോ. ദിവ്യ വി ഗോപിനാഥ് അറിയിച്ചു. 28.01.2021 തീയതി മുതൽ 20.02.2021വരെയാണ് ഇതുവഴിയുള്ള ഗതാഗതം നിയന്ത്രിച്ചിരിക്കുന്നത്. മാനവീയം വീഥിയിലും വാഹന ഗതാഗത

നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്. ചുവടെ പറയും പ്രകാരമാണ് ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.

പേരൂർക്കട ഭാഗത്തു നിന്നും വഴുതക്കാടേക്ക് വരുന്ന വാഹനങ്ങൾ വെള്ളയമ്പലത്തു നിന്നും തിരിഞ്ഞ് മ്യൂസിയം- നന്ദാവനം – ബേക്കറി വഴിയോ, ശാസ്തമംഗലം – ഇടപ്പഴിഞ്ഞി – എസ്.എം.സി വഴിയോ പോകേണ്ടതാണ്.

വാട്ടർ അതോറിട്ടിയുടെ മേൽപ്പറഞ്ഞ ജോലികൾ നടക്കുന്നതിനാൽ ഈ റോഡുകളിൽ വാഹന പാർക്കിങ്ങുകളും അനുവദിക്കുന്നതല്ല.

തിരുവനന്തപുരം സിറ്റി പോലീസിന്റെ ഈ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കണമെന്നും ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ടു അറിയിക്കാവുന്നതാണെന്നും ഡെപ്യൂട്ടി കമ്മീഷണർ അറിയിച്ചു.

ഫോൺ നമ്പരുകൾ:-0471-2558731, 0471-2558732

തിരുവനന്തപുരം സിറ്റി
28-01-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

OFFICE OF THE COMMISSIONER OF POLICE
Government of Kerala
THIRUVANANTHAPURAM CITY

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി